

# ഇതളുകൾ
# Digital magazine

## ഉള്ളടക്കം

അന്നയും മേരിയും......3
ചുവന്ന താരകം......4
ഏതു തീരത്ത് ഞാനണയും......6
അമ്മമ്മ......8
ഓണപ്പൊലിമ......9
സൗഹൃദം......10
പി.എൻ.പണിക്കർ......11
ശ്രീനിവാസ രാമാനുജൻ......13
ഓണം പൊന്നോണം......14
വായന......15
വിയേറ്റ്......16

## അന്നയും മേരിയും

ഒരിക്കൽ ഒരു ചെറിയ ഗ്രാമത്തിൽ ഒരു കർഷകൻ ഉണ്ടായിരുന്നു. അവന്റെ പേര് ആൽവിൻ എന്നാണ്. ആൽവിന്റെ ഭാര്യയുടെ പേര് റോസ് എന്നായിരുന്നു. അവർക്ക് രണ്ട് മക്കളുണ്ടായിരുന്നു. അവരുടെ പേര് അന്നയെന്നും മേരിയെന്നും ആയിരുന്നു. അന്ന നല്ല സ്വഭാവമുള്ള കുട്ടിയായിരുന്നു. അവൾ നന്നായി പഠിക്കുമായിരുന്നു. അമ്മയെ സഹായിക്കുമായിരുന്നു. എന്നാൽ മേരി വളരെ മടിയുള്ള കുട്ടിയായിരുന്നു. അവൾ അന്നയെ ഉപദ്രവിക്കുമായിരുന്നു. എന്നാൽ പാവം അന്ന ഇതെല്ലാം സഹിക്കുമായിരുന്നു. ക്ലാസ്സിൽ ഒന്നാമതാണ് അന്ന എന്നാൽ ഏറ്റവും പുറകിലാണ് മേരി. മേരി ക്ലാസ്സിലിരുന്ന് മടിപിടിച്ചുറങ്ങുമായിരുന്നു. ഒരു ദിവസം ടീച്ചർ അന്നയൊട് ഒരു ചോദ്യം ചോദിച്ചു. അവൾ അത് വളരെ എളുപ്പത്തിൽ ഉത്തരം പറഞ്ഞു. എന്നാൽ അടുത്തതായി വിളിച്ചത് മേരിയെയാണ് മേരിക്കതിന്റെ ഉത്തരം അറിയില്ലായിരുന്നു. ടീച്ചർ വളരെ അധികം മേരിയെ ചീത്ത പറഞ്ഞു. നിനക്ക് ഒന്ന് പഠിച്ചു കൂടെ നിന്റെ സഹോദരിയല്ല അന്ന അവൾ എത്ര നാന്നായി പഠിക്കുന്നു. എന്നാൽ നീ മാത്രമാണ് ഇങ്ങനെ മടിപിടിച്ചിരിക്കുന്നത്. ഇത് കേൾക്കുമ്പോൾ വളരെ ദേഷ്യം പിടിക്കും മേരി അന്നയോട് പിന്നീട് വീട്ടിൽ അന്ന പഠിക്കാൻ ഇരിക്കുമ്പോൾ മേരി അന്നയെ വെറുതെ ഉപദ്രവിക്കുമായിരുന്നു. ഒരിക്കൽ തന്റെ അമ്മ സൂക്ഷിച്ചുവച്ച ഗോതമ്പ് മാവ് ദേഷ്യം പിടിച്ച് മേരി നിലത്തേക്കിട്ടു. പാവം അന്നയ്ക്ക് വല്ലാതെ ഭയമായി. അമ്മ ഉറപ്പായും മേരിയെ അടിക്കുകയും ചീത്ത പറയുകയും ചെയ്യും. അവൾ വളരെ ഭയത്തോടെ ഇരുന്നു. എന്നാൽ മേരിക്ക് യാതൊരു ഭയവും ഇല്ലായിരുന്നു. റോസ് തന്റെ മക്കളെ രണ്ടുപേരെയും അടുക്കളയിലേക്ക് വിളിച്ചു. അന്ന ഭയത്തോടെയാണ് തന്റെ അമ്മയുടെ മുന്നിലെത്തിയത്. അവിടെ എത്തിയതും മേരിക്കും പേടിയായി. തന്റെ സഹോദരി ഭയത്തോടെ നില്ക്കുന്നത് കണ്ടിട്ട് അന്ന ആ കുറ്റം ഏറ്റെടുത്തു. അന്നയ്ക്ക് അമ്മയുടെ അടുത്തു നിന്ന് ചീത്തയും അടിയും കിട്ടി. മേരി അന്നയെ അമ്മ അടിക്കുന്നത് കണ്ടിട്ട് അവൾക്കും സങ്കടമായി. മേരി തന്റെ കുറ്റം ഏറ്റെടുത്തത് എന്തിനാണെന്ന് ചോദിച്ചു. എന്നാൽ അന്ന കരയുക മാത്രമേ ചെയ്തുള്ളൂ തന്റെ തെറ്റ് മനസ്സിലാക്കി മേരി അന്നയോട് ക്ഷമ ചോദിച്ചു. ഇനി ഒരിക്കലും ഞാൻ ഉപദ്രവിക്കില്ലെന്ന് മേരി അന്നയ്ക്ക് വാക്കു കൊടുത്തു. അന്നയ്ക്കും വളരെ സന്തോഷമായി തന്റെ സഹോദരി തന്നെ മനസ്സിലാക്കിയെന്നറിഞ്ഞപ്പോൾ. രണ്ടുപേരും ഒരുമിച്ചു കളിക്കാനും സ്കൂളിൽ പോകാനും തുടങ്ങി. ഇതെല്ലാം കണ്ട് അമ്മയ്ക്കും അച്ഛനും വളരെയധികം സന്തോഷമായി. അവർ പിന്നീട് സുഖമായി ജീവിച്ചു.

## ചുവന്ന താരകം

കുന്തിപുഴയുടെ തീരങ്ങളിലൂടെ അലസമായി നടന്നുനീങ്ങുമ്പോൾ കരിഞ്ഞ മാംസത്തിന്റെ ഗന്ധം ഇന്നും എന്റെ ഹ്യദയത്തിലേക്ക്

ക്ഷണിക്കാത്ത ഒരഥിതിയെപ്പോലെ വന്നെത്താറുണ്ട്. രാത്രിയുടെ അന്ധതയിൽ

എവിടെനിന്നോ ആ ഗാനം അലയടിച്ചെത്തുന്നു.

"പട്ടാപ്പകൽ ചൂട്ടും മിന്നിച്ച്

മനുഷ്യനെ തേടി നടന്നു

ഞാൻ മനുഷ്യനെ തേടി നടന്നു"

ആ രാതി കുന്തിപുഴയുടെ ഓരം ചേർന്ന് രണ്ട് മനുഷ്യർ തീ കായുന്നുണ്ടായിരുന്നു. ഒരുപക്ഷേ ആ അഗ്നിയെക്കാൾ ചൂട് അവയിൽ പതിച്ചിരുന്ന കണ്ണീർകണത്തിന് ഉണ്ടായിരുന്നിരിക്കാം

"എന്താ, രാജാ"? കണ്ണിൽനിന്നൂറിവരുന്ന വ്യസനത്തെ കൈപ്പത്തികൊണ്ട് ഒന്ന് മായിച്ചുകളഞ്ഞ് രാജൻ മുഖമുയർത്തി.

"എന്താ രാജാ"? തന്റെ കൂടെയുണ്ടായിരുന്ന ആ വ്യക്തിയെക്കുറിച്ച് രാജൻ അപ്പോഴാണ് ബോധവാനായത്. ഏതാനും നിമിഷനേരന്നെ പരിചയം മാത്രമേ അവർ തമ്മിൽ ഉണ്ടായിരുന്നുള്ളൂ പുഴയോരത്തെ വെളിച്ചം കണ്ട് അവിടെ എത്തിച്ചേർന്നതാണ് അയാൾ.

അയാളും, തന്റെ ഭാര്യയുടെ ശവസംസ്കാരം കഴിഞ്ഞ് വരികയായിരുന്നു."ഒന്നുമില്ല" തന്റെ നരച്ച മുടി കൈകൊണ്ട് ഒന്ന് ഒതുക്കിയശേഷം രാജൻ മൊഴിഞ്ഞു കുന്തിപ്പുഴയുടെ ജലപ്രവാഹം രഹസ്യങ്ങൾ പേറി മുന്നോട്ട് കുതിച്ച്; ഒരു പാറയിൽതട്ടിചിതറി

ഓളങ്ങൾ സ്യഷ്ടിച്ചു.

"നീ എന്നെ മുമ്പ്കണ്ടിട്ടുണ്ടോ രാജാ?"അൽപനേരത്തെ നിശബ്ദതയ്ക്കുശേഷം അയാൾചോദിച്ചു. ദു:ഖത്താൽ മൂടിക്കിടന്നിരുന്ന തന്റെ മനസിൽ രാജൻ ആ മുഖത്തിനായി

പരതി അതെ, ഞാനിയാളെ കണ്ടിട്ടുണ്ട് പണ്ട്,മകന്റെ

പിറന്നാളിന് സമ്മാനം വാങ്ങിച്ച് മടങ്ങവേ, തനിക്ക് സംഭവിച്ച വാഹനാപകടവും ആശുപത്രിക്കിടക്കയിൽ ജീവിതത്തിനനും

മരണത്തിനുംമിടയിൽ കഴിഞ്ഞിരുന്ന നിമിഷങ്ങളും അന്ന്

കണ്ട സ്വപ്നത്തിലെ തള്ളവിരലറ്റുപോയ മനുഷ്യനും രാജന്റെ

ഓർമ്മയിൽ തെളിഞ്ഞുവന്നു.

"നീ എന്തിനാ കരയുന്നെ?"

"എന്റെ ഭാര്യ മരിച്ചു പോയി" ഒരു വിതുമ്പലോടെ രാജൻ ആ വാക്കുകൾ പറഞ്ഞൊപ്പിച്ചു.

"എന്താണ് സംഭവിച്ചത്?"

"എനിക്കറിയില്ല"

"മക്കൾ?"

ആ ചോദ്യം മറുപടിയില്ലാതെ അന്തരീക്ഷത്തിൽ അലഞ്ഞുനടന്നു.

ഒരു ദീർഘനേരത്തെ നിശ്വാസത്തിനുശേഷം രാജനിൽനിന്നും ഒരു മറുപടിവന്നു.

അന്ന്, മകന്റെ സുഹൃത്തുക്കൾ വീട്ടിൽ വന്നിരുന്നു. കാണാൻ സാധിച്ചില്ലെങ്കിലും അവരുടെ ശബ്ദം വീട്ടിലെ ഇരുട്ടുമുറിയിലിരുന്ന് ഞങ്ങൾക്ക് കേൾക്കാമായിരുന്നു. പെട്ടെന്ന് അവൾ എന്റെ കൈയിൽ പിടിച്ചു. അവളുടെ ശ്വാസഗതി വേഗത്തിലായി. മകന്റെയും മരുമകളുടെയും വിലക്ക് പരിഗണിക്കാതെ ഞാൻ ആ വാതിലിൽ മുട്ടിക്കൊണ്ടിരുന്നു. ആ വാതിലിൽ ഇറന്ന് ഞാനും അവളും തെരുവിലേക്കിറങ്ങി. ആ തെരുവിൽകിടന്നാണ് അവൾ ഇന്ന് മരിച്ചത്." പുഴയോരത്ത് കൂട്ടിയിട്ടിരുന്ന മണൽക്കുന ചൂണ്ടി രാജൻ പറഞ്ഞു "ആ മണ്ണിൽ കിടന്ന് എന്റെ ഭാര്യ എന്നെ വിളിക്കുന്നത് എനിക്കിപ്പോഴും കേൾക്കാം" രാജന്റെ തൊണ്ടയിടറി. കുന്തിപ്പുഴയിൽ കണ്ണീരിന്റെ ഉപ്പുരസം പടർന്നു.

ആകാശത്തിൽ അന്ന് നിറഞ്ഞുനിന്നിരുന്ന വെൺതാരകങ്ങളിലൊന്ന് അവളായിരുന്നെങ്കിൽ എന്നാശിച്ചുകൊണ്ട് രാജൻ മുകളിലേക്ക് നോക്കിക്കൊണ്ടിരുന്നു.

"ഞാൻ പോകുന്നു" അയാൾ പതിയെ എഴുന്നേറ്റ് ഇരുളിലേക്ക് നടന്നുനീങ്ങി അയാളുടെ വലതുകൈയിൽ തള്ളവിരലുണ്ടായിരുന്നില്ല എന്ന് രാജൻ ഞെട്ടലോടെ തിരിച്ചറിഞ്ഞു. ഒരു ഗാനം നന്നിൽനിന്നകന്ന് പോകുന്നതായി അയാൾക്ക് തോന്നി.

"പട്ടാപകൽ ചൂട്ടുംമിന്നിച്ച്
മനുഷ്യനെ തേടി നടന്നു
ഞാൻ മനുഷ്യനെ തേടി നടന്നു"........

ആ രാത്രിയിൽ കത്തുന്ന തീക്കുണ്ഡത്തിനരികെ അയാൾ ഏകനായി. ആ തീക്കുണ്ഡം അയാളുടെ ചിതയായി. അന്ന് ആകാശത്ത് ഒരു താരകംകൂടി പ്രത്യക്ഷപ്പെട്ടു. അതിന് ചുവന്ന നിറമായിരുന്നു.

കരിഞ്ഞ മാംസത്തിൻ്റ് ഗന്ധവും പേറി കുന്തിപുഴ ഒഴുകിക്കൊണ്ടിരുന്നു. പുതിയ തീരങ്ങൾ തേടി ആ ചുവന്ന താരകത്തേപ്പോലെ.

## ഏതു തീരത്ത് ഞാനണയും

ഒരു നിലാവ് കാണാൻ കൊതിക്കുന്ന ഒരു മനുഷ്യനെപോലെ ഞാൻ ഏകാന്തതയിൽ നീങ്ങി ചുറ്റും ശൂന്യമായിരിക്കുന്ന ലോകം. എങ്ങും ആരെയും കാണാൻ സാധിക്കുന്നില്ല. ഏകാന്തതയുടെ പുതുമഞ്ഞിൽ ഞാൻ അദ്രശ്യനായി.

ഒരു ദിവസം ഞാൻ ദൈവത്തോടു ഇങ്ങനെ പ്രാർത്ഥിച്ച് എന്റെ പ്രഭാതം തുടങ്ങി "എന്റെ ഈശ്വരാ എനിക്ക് എന്റെ ബിസിനസിൽ നല്ലൊരു ലാഭം കിട്ടണെ" പക്ഷെ പ്രാർത്ഥന ഭലിക്കാറില്ല ആ ദേശ്യത്തിൽ എന്നും ഞാൻ ഈശ്വരനെ പഴിചാരുമായിരുന്നു. അന്നെന്നും എന്തുകൊണ്ടാണ് എനിക്ക് ഈശ്വരൻ പ്രാർത്ഥനയ്ക്ക് ഫലം തരാത്തത് എന്ന് എനിക്ക് മനസിലായില്ല. ഒരു ദിവസം ഞാൻ എന്റെ ബിസിനസിനെക്കുറിച്ച് ഓർത്തു. ഞാൻ ഇങ്ങനെ ചിന്തിച്ചു. എന്റെ ബിസിനസ് എന്തുകൊണ്ടാണ് നന്നാവാത്തത്. ഈ ബിസിനസ് കൊണ്ട് വലിയ ഗുണമെന്നുമില്ല. അതുകൊണ്ടുതന്നെ വേറെ ഏതെങ്കിലും ബിസിനസ് തുടങ്ങാം. ഞാൻ അങ്ങനെ മയക്കുമരുന്ന് സംഘത്തിൽ കൂടി ഇതിൽ കൂടിയാൽ നല്ല പണം ലഭിക്കും. ഒരു പ്രഭാതത്തിൽ ഞാൻ അവരുടെ സംഘത്തിൽ പ്രവർത്തനമാരംഭിച്ചു. അവരുടെ പല പരിശീലനത്തിനൊടുവിൽ ഞാൻ ഒരു അക്രമിയായി. പല കൊള്ളരുതായ്മകളും ചെയ്തു പണം സമ്പാത്തിച്ചു. അങ്ങനെയിരിക്കെ ഞങ്ങളുടെ സംഘത്തലവൻ എന്നെ വിളിച്ചിട്ടു പറഞ്ഞു "നീ ഇന്ന് ഒരു ജോലി ചെയ്യണം ." ഞാൻ ചോദിച്ചു 'എന്തു ജോലി' തലവൻ പറഞ്ഞു നീ ഇന്ന് കുറച്ചു മരുന്നുമായി ആ ദിവാകരന്റെ കുമ്മട്ടിയിൽ കൊണ്ടു ചെല്ലണം അവൻ അത് മിഠായികളിൽ ചേർത്ത് എല്ലാവർക്കും നല്കികോള്ളും. ശരി മുതലാളി ഞാൻ അങ്ങനെ തന്നെ പ്രവർത്തിക്കാം എങ്കിൽ ശരി രാത്രിയിൽ പോയാൽ മതി അപ്പോൾ ചെക്കിംഗ് ഉണ്ടാവില്ല. അങ്ങനെ ഞാൻ തനിയെ യാത്ര തുടങ്ങി റോഡിന്റെ മധ്യഘട്ടത്തിൽ എത്തുമ്പോഴേക്കും പോലീസ് വണ്ടി തടഞ്ഞു പരിശോധിച്ചു. മയക്കുമരുന്ന് കണ്ടെത്തി എന്നെ പോലീസ് അറസ്റ്റ് ചെയ്തു പിറ്റേ ദിവസം കോടതിയിൽ ഹാജരാക്കി. ഞങ്ങളുടെ സംഘത്തിൽ ചില നിയമങ്ങളുണ്ട്. അതിലൊരു നിയമമാണ് പോലീസ് പിടികൂടിയാൽ ഇതിന്റെ പിന്നിൽ ആരാണെന്ന് പറയരുത് പറഞ്ഞാൽ അവർക്ക് ശക്ഷ വധശിക്ഷയായിരിക്കും. പോലീസ് എന്നെ തല്ലിമെതിച്ചിട്ടും ഞാൻ ഇതിന്റെ പിന്നിൽ ആരാണെന്ന് പറഞ്ഞില്ല പറയാൻ എനിക്ക് ഭയമായിരുന്നു പറഞ്ഞാൽ അവരെന്നെ കൊല്ലും. എനിക്ക് കോടതി 7 വർഷം കഠിന തടവ് വിധിച്ചു.

ജയിലിലെ എന്റെ ജീവിതം ദുസഹമായിരുന്നു. ഞാൻ ജയിലിന്റെ ഇരുട്ട് നിറഞ്ഞ ആ മുറിയിൽ ഇരുന്ന് എന്നോട് തന്നെ കുറേ ചോദ്യങ്ങൾ ചോദിച്ചു."എന്തിനാണ് ഞാൻ അച്ഛനെയും അമ്മയെയും ഈ ലോകത്തിൽ തനിച്ചാക്കി? എന്തിനാണ് പണത്തോട് അത്യാർത്തി കാണിച്ചത് ?" ഈ ചോദ്യങ്ങൾ എന്റെ തന്നെ മനസിന്റെ മടിത്തട്ടിലെക്ക് കുത്തി കയറ്റി. കഠിനമായ ഏഴ് വർഷങ്ങൾ. എന്നെ കാണാൻ സംഘത്തലവൻ പോലും എത്തിയില്ല. അവർ എന്നെ ഉപേക്ഷിച്ചു. കഠിനമായ 7 വർഷം ഞാൻ ജയിലിന്റെ ഇരുട്ടിന്റെ പെത്തിൽ ജീവിച്ചു. ഞാൻ ജയിലിൽ നിന്നിറങ്ങി ഇനി എങ്ങോട്ടു നീങ്ങണം ഞാൻ എന്റെ സ്വർഗമായിരുന്ന ഭവനത്തിലെക്ക് നീങ്ങി ആ വീട്ടിന്റെ പടിവാതിക്കൽ എത്തിയപ്പോഴാണ് ഞാൻ അറിഞ്ഞത്. ഞാൻ ജയിലിലായ വാർത്തയറിഞ്ഞപ്പോൾ തന്നെ എന്റെ അച്ഛനും അമ്മയും ഈ ലോകത്തിൽ നിന്ന് യാത്രയായി ഞാൻ എന്റെ സുഹൃത്തുക്കളുടെ അരികിൽ പോയി ആ വാതാലുകൾ എനിക്കായി തുറന്നില്ല. ഒടുവിൽ എന്നെ എല്ലാവരും തള്ളി പറഞ്ഞു കുറ്റപ്പെടുത്തി.

ഇനി എങ്ങേട്ട് പോകണം എന്നറിയാതെ ഈ ലോകത്തിന്റെ താഴ്വാരങ്ങളിലൂടെ ഞാൻ നീങ്ങി ഇനി ഏതു വാതിലിൽ എനിക്കായി തുറക്കുമ. ഏതു തീരത്ത് ഞാനെത്തും. അങ്ങനെ തീരങ്ങൾ തേടുന്ന ഒരു മനുഷ്യനായി.

## അമ്മമ്മ

കുഞ്ഞിന്റെ കുഞ്ഞിക്കയ്യും പിടിച്ച്
അമ്മമ്മ പതിയെ നടന്നിടുന്നു
അമ്മമ്മ തന്നുടെ മൺകുടിലിൽ
ഇനി ഒറ്റക്കു തന്നെ കഴിഞ്ഞിടണം
മലയുടെ ഉയരത്തിൽ കുമിഞ്ഞുകൂടിയ- സക്കടങ്ങൾ
അലിഞ്ഞരുവിയായി താഴെക്കൊഴുകിടുന്നു
അമ്മ എന്നൊരു തിരിനാളമില്ലാതെ
ഇരുളറകള്ളിൽ കുരുങ്ങിയ പൈതൽ-തൻ
തേങ്ങലിൽ നാദം എൻ കാതിൻ കേട്ടു
കൊടും കാറ്റുവന്നുലക്കുന്ന പോൽ
സങ്കടം അവരെ പിടിച്ചുലച്ചീടുന്നു
ഒരു നോട്ടം മാത്രമാ കുഞ്ഞിന്നു നൽകാനായി
ആ വൃദ്ധയും അവിടുന്നണഞ്ഞീടുന്നു
നിറം മങ്ങിയ സാരിയിലേക്ക്- അവർ
വെറുപ്പിന്റെ ഭാഷയിൽ നോക്കീടുമോ?

## ഓണപ്പൊലിമ

ചിങ്ങമാസത്തിൽ ഓണമായി
കുഞ്ഞു പൂക്കൾ തലനിവർത്തി
വെൺമയുടെ ദാനമാം തുമ്പപ്പൂവും
വേലിക്കരികിലെ കോളാമ്പിയും
ഓണത്തെ വരേൽക്കാൻ വന്നുവല്ലോ
ചോപ്പു നിറമുള്ള ചെത്തിപ്പൂവും
സൂര്യനെ വെല്ലുന്ന സൂര്യകാന്തിയും
കൂട്ടിനായ് താളമിടാൻ മല്ലികയും
കാറ്റിന്റെ ദിശയിൽ ന്രത്തമാടി.
ഇതു കണ്ടു നിന്ന കുഞ്ഞു കിടങ്ങൾ
കുട്ടയുമായി ഓടിവന്നു
പിച്ചിയെ നുള്ളി
തെച്ചിയെ നുള്ളി
എല്ലാപൂക്കളും കുട്ടയിലാക്കി
കൊണ്ടു പോയി അവർ
വീടിന്റെ മുറ്റത്ത്
ചന്തമുള്ള ഒരു പൂക്കളമിട്ടു
അമ്മയുടെ കൈപുണ്യം
സദ്യയിലുണ്ട്
മധുരിക്കും  പായസം കൂടെയുണ്ട്
ഒന്നാം ഓണം രണ്ടാം ഓണം
ചിങ്ങത്തിൽ ഓണത്തിൽ
പൂപൊലിമേളം
എന്തൊരു സന്തോഷം
എന്തെരു ആഹ്ലാദം
ഓണപ്പൊലിമയിൽ മേളഘോഷം

## സൗഹൃദം

ഒരു പ്രവേശനോത്സവത്തിന് അവൾ ഒരു പുതിയ സ്കൂളിലേക്ക് കാലെടുത്തുവെച്ചു . അവളുടെ
ഏറ്റവും വലിയ സ്വപ്നമായിരുന്നു ആ സ്കൂളിലെ എല്ലാക്കുട്ടികളോടും ടീച്ചർമാരോടും പെട്ടന്നു തന്നെ പിരിയാത്ത സൗഹൃദം ഉണ്ടാക്കിയെടുക്കണമെന്ന് അവളിൽ എന്നും ആ സ്വപ്നം ഉണ്ടായിരുന്നു. അങ്ങനെ അവൾ പുതിയ സ്കൂളിൽ ഇരുന്നു. പെട്ടന്നു തന്നെ അവൾ എല്ലാവരെയും പരിചയപ്പെട്ടു. പെൺകുട്ടികളോടും
ആൺകുട്ടികളോടും കൂട്ടായി. അവൾ വഴക്കിട്ടും, അടികൂടും, തല്ലും,എപ്പോഴും സംസാരിക്കും, അങ്ങനെയൊക്കെ ആണെങ്കിലും അവളുടെ മനസ്സിലുള്ളതുപോലുള്ള സൗഹൃദം അവൾക്ക്

ആരിലും ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞില്ല.അങ്ങനെ ആരെയും അവൾ കണ്ടില്ല. കാരണം അവളുടെ മനസ്സിലുള്ള ഒരു കൂട്ടുക്കാരെ പറ്റിയുള്ള ചിത്രീകരണമായിരുന്നു. അവളുടെ മനസ്സിൽ ഇങ്ങനെയായിരുന്നു. അവൾക്ക് കാവലായി ഒരു ചേട്ടനില്ല. അവൾക്ക് ഒരു ചേട്ടനെ വേണമെന്ന് വലിയ ആഗ്രഹമായിരുന്നു. അവളെ ജീവനുതുല്യം സ്നേഹിക്കുന്ന ,അവളെ വഴക്കു പറയുന്ന, അവളോട് വഴക്കു കൂടുന്ന, അവളെ സംരക്ഷിക്കുന്ന ഒരു ചേട്ടൻ. അവളുടെ അഹങ്കാരമാകുന്ന ചേട്ടൻ. അങ്ങനെ ഒരു ചേട്ടൻ ഉണ്ടെങ്കിൽ അവൾക്ക് എന്തുപ്രശ്നം വന്നാലും അവളുടെ കൂടെ നിന്ന് ആ പ്രശ്നം പരിഹരിക്കാനും അവൾക്കുവേണ്ടി തല്ലുണ്ടാക്കാനും ഒരാൾ ഉണ്ടെങ്കിൽ അവൾക്ക് സ്വതന്ത്രമായി നടക്കം. നിർഭാഗ്യവശാൽ അവൾക്ക് സ്വതന്ത്രമായി നടക്കാം. നിർഭാഗ്യവശാൽ അവൾക്ക് അങ്ങനെയൊരു ചേട്ടൻ ഉണ്ടായിരുന്നാല്ല. അവൾക്ക് മായിക്കാൻ ആവാത്ത ഒരു വലിയ വിഷമമായിരുന്നു. പക്ഷേ അവൾ മായിക്കാൻ കഴിയും അവൾക്ക് അങ്ങനെ ഒരു സുഹൃത്തുണ്ടായിരുന്നെങ്കിൽ.

# പി.എൻ.പണിക്കർ

വായനയുടെ വളർത്തച്ഛൻ എന്നറിയപെടുന്ന പി.എൻ.പണിക്കരുടെ ചരമദിനമാണ് ജൂൺ 19. അദ്ദേഹത്തോടുള്ള ആദരസൂചകമായി ഈ ദിവസം വായനാദിനമായി ആചരിക്കുന്നു. കേരളത്തിൽ സാക്ഷരതാ പ്രവർത്തനത്തിനും ഗ്രന്ഥശാല പ്രസ്ഥാനത്തിനും അടിതറ പാകിയത് പി.എൻ.പണിക്കറാണ്. വായിച്ച വളരുക എന്ന മുദ്രാവാക്യവുമായി പ്രവർത്തിച്ച അദ്ദേഹം കേരള ഗ്രന്ഥശാല സംഘം, കാൻഫെഡ്[കേരള അസോസിയേഷൻ ഫോർ നോൺ ഫോർമൽ എജ്യൂക്കേഷൻ ആൻഡ് ഡവലപ്പ്മെന്റ്] എന്നിവയ്ക്ക നേതൃത്വം നൽകി പുതുവായിൽ നാരായണ പണിക്കർ എന്നാണ് മുഴുവൻ പേര്. 1909 മാർച്ച് ഒന്നിന് അന്നത്തെ കോട്ടയം ജില്ലയിലെ നീലംപേരൂർ എന്ന ഗ്രാത്തിലാണ് പി.എൻ.പണിക്കർ ജനിച്ചത്. 1995 ജൂൺ 19 ന് അന്തരിച്ചു .

2004 ൽ പണിക്കരുടെ സ്മരണക്കായി തപാൽവകുപ്പ് സ്റ്റാംപ് പുറിത്തിറക്കി. അദ്ദേഹത്തിന്റെ ഓർമ്മക്കായി ജൂൺ 19 മുതൽ 25 വരെ വായനാവാരവും ആചരിക്കുന്നു. 'എഴുത്തു പഠിച്ചു കരുത്തു നേടുക', 'വായിച്ചു വളരുക, ചിന്തിച്ച് പ്രബുദ്ധരാവുക' ഇതൊക്കെ പി.എൻ.പണിക്കർ മലയാളിക്കു നൽകയ മുദ്രാവാക്യങ്ങളാണ്. നിലവിലുള്ള ഗ്രന്ഥശാലകളുടെ നില മെച്ചപെടുത്തുന്നതിനും പുതിയവ രൂപീകരിക്കുന്നതിനും പി.എൻ.പണിക്കർ കേരളം മുഴിവൻ സഞ്ചരിച്ചു.

പുരോഗതിയും ബോധവൽക്കരണവും ജനങ്ങൾ പഠിക്കണം വീട്ടമ്മമാർക്കൊരു പുസ്തകം തുടങ്ങി പത്തിലേറെ പുസ്തകങ്ങൾ

**അദ്ദേഹം എഴുതി**



ഇതളുകൾ

# ശ്രീനിവാസ രാമാനുജൻ

ജോർജ് സ്ലോ ബ്രിഡ്ജ്  എഴുതിയ 'ശുദ്ധഗണിതസംഗ്രഹം' വളരെ ആവേശത്തോടെ പഠിക്കുകയും പലതിനും തന്റേതായ നിർധാരണങ്ങൾ തയ്യാറാക്കുകയും ചെയ്തു.അതോടെ രാമാനുജന്റെ ശ്രദ്ധ ഗണിതത്തിൽ മാത്രമായി.ഗണിത ഗ്രന്ഥങ്ങൾ തേടിപ്പിടിച്ച് വായിക്കലും നോട്ടു കുറിക്കലും മാത്രമായിരുന്നു അദ്ദേഹത്തിന്റെ പണി.അന്നയാൾ കുറിച്ചിട്ട പല ഗ്രന്ഥങ്ങളും അത്ഭുതകരമായ ഉൾക്കാഴ്ച ഉള്ളവയാണ്.ഒരു ഗണിതശാസ്ത്ര ജേർണലിൽ രാമാനുജൻ എഴുതിയ ഒരു പ്രബന്ധം കേംബ്രിഡ്ജ് സർവ്വകലാശാലയിലെ പ്രശസ്ത പ്രൊഫസർ ആയിരുന്ന ഹാർഡിയിടെ ശ്രദ്ധയിൽ പെട്ടു.ഹാർഡി രാമാനുജനുമായി ബന്ധപ്പെട്ടു.അദ്ദേഹം രാമാനുജനെ  ഉന്നത പഠനത്തിനായി കേംബ്രിഡ്ജിലേക്ക് ക്ഷണിച്ചു.പക്ഷേ അദ്ദേഹത്തിന് പോവാൻ കഴി-

ഞ്ഞില്ല.പക്ഷേ രാമാനുജൻ ശ്രദ്ധയാകർഷിച്ചു.

1920 ജനവരി 26-ന് ആ പ്രതിഭ ഓർമ്മയായി.രാമാനുജന്റെ നിഗമനങ്ങളിൽ പലതും തെളിയിക്കാൻ ഇനിയും ബാക്കി.അത് മറ്റൊരു പ്രതിഭക്കായി കാത്തിരിക്കുന്നു.

**ഓണം പൊന്നോണം**

"പൂവേ പൊലി പൂവേ പോലി

പൂവേ പൊലി പൂവേ പോലി..."

പൂക്കളമൊരുക്കാൻ അത്തം നാൾ മുതൽ പറമ്പുകളിലും

വയലേലകളിലുമെല്ലാം ഓടി നടന്ന് പൂക്കൾ പറിച്ച കാലത്ത്

പാടിയ ഈരടികൾ.തുമ്പയും തെച്ചിയും മുക്കുറ്റിയും ചെമ്പരത്തിയും

പറിച്ച് കുട്ടകൾ നിറയക്കുമ്പോഴുള്ള ഒരു സന്തോഷം...

ചാണകം മെഴുകിയ തറയിൽ എല്ലാവരും

**ചേർന്നൊരുക്കുന്ന പൂക്കളും**

## വായന

ശരീരത്തിന് വ്യായാമമെന്ന പോലെയാണ് മനസ്സിന് വായന.ആരോഗ്യമുണ്ടെങ്കിലെ ആയാസരഹിതമായി ജീവിക്കാൻ കഴിയൂ
എന്നത് പോലെ ആരോഗ്യമുള്ള മനസ്സിലേ നല്ല ചിന്തകളും ആശയങ്ങളും ഉണ്ടാവുകയുള്ളൂ.നല്ല ചിന്തകളും ആശയങ്ങളും ഒരാളെ നല്ല മനുഷ്യനാക്കുന്നു.അപ്പോൾ ഒരു മികച്ച വായനക്കാരൻ നല്ല മനുഷ്യനാണെന്ന് പറയേണ്ടതില്ലല്ലോ.നല്ല വായനക്കാരൻ ആയിരം ജന്മങ്ങളിലൂടെ കടന്നുപോകുമ്പോൾ വായിക്കാത്തവന് കേവലം ഒരു ജന്മം മാത്രമേയുള്ളൂ എന്ന ജോർജ്ജ് ആർ ആർ മാർട്ടിന്റെ വാക്കുകൾ എത്ര ശരിയാണ്.സാഹിത്യത്തിന്റെ വായന ഒരേ ജന്മത്തിൽ പല പല ജന്മങ്ങളും പല വ്യക്തിത്വങ്ങളും ആയി പകർന്നീടാൻ നമ്മേ സഹായിക്കും.വായന കുറയുമ്പോൾ വേദനിപ്പിക്കാനുള്ള പ്രവണത കൂടും മറ്റ മനുഷ്യരുടെയും ജീവജാലങ്ങളുടെയും മനസ്സിലെക്കും വിചാരങ്ങളിലേക്കും വികാരസങ്കീർണ്ണതകളിലെക്കും വേദനകളിലെക്കും നൊമ്പരങ്ങളിലെക്കും ആഹ്ലാദങ്ങളിലെക്കും കടക്കാനും വേറെ വേറെ ജീവിതം അനുഭവിക്കാനും വായന പോലൊരു വേറെ വഴിയില്ല.വായിക്കുമ്പോൾ മനസ്സ് കുളിരുന്നു. വായിക്കുമ്പോൾ മനസ്സിനെ ശാന്തമാക്കാൻ വായനയ്ക്ക് സാധിക്കുന്നു. വായന എന്തിനുമുള്ളൊരു ശാശ്വത പരിഹാരമാണ്. വായിച്ച വളരുക വായിച്ച വളർന്നാൽ വളരും വായിച്ച വളർന്നില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലേൽ വളയും.

## വിയേറ്റ്

പതിനാറാം നൂറ്റാണ്ടിലെ ഫ്രാൻസിൽ ജീവിച്ചിരുന്ന ഫ്രാൻസ്വാ വിയേറ്റ്,ഒരു വക്കീലായാണ് ജോലി ചെയ്തിരുന്നത് എക

ഒരു ഗണിത ശാസ്ത്രജ്ഞൻ എന്ന നിലയിലേക്കാണ് പ്രസിദ്ധനായത്.
ഒരു പ്രശ്നത്തിലെ കണ്ടുപിടിക്കേണ്ട സംഖ്യയെ ഏതെകകിലും ഒരു അക്ഷരംകൊണ്ടു സൂചിപ്പിച്ച് ബീജഗണിതവാക്യമായി എഴുതുന്ന രീതി

ഇദ്ദേഹമാണ് തുടങ്ങിയത്.മാത്രമല്ല,സമവാക്യങ്ങളിൽ അറിയാവുന്ന സംഖ്യകളെയും അക്ഷരം കൊണ്ടു സൂചിപ്പിച്ചാൽ ഒരേ തരത്തിലുള്ള സമവാക്യങ്ങളുടെയെല്ലാം പൊതുരൂപം ഒറ്റ ബീജഗണിതസമവാക്യമായി എഴുതാമെന്നും അത്തരം സമവാക്യങ്ങൾ പരിഹരിക്കാനുള്ള മാർഗങ്ങൾ കണ്ടുപിടിക്കാമെന്നും ആദ്യമായി തിരിച്ചറിഞ്ഞത് വിയേറ്റ് ആണ്.

**അദ്ദേഹം സംഖ്യകളുടെ ക്രിയകളെക്കുറിച്ചുള്ള പൊതുതത്വങ്ങൾ ബീജഗണിതസമവാക്യങ്ങളായി എഴുതുകയും,ഈ ക്രിയകൾ വിശ-ദീകരിക്കാൻ ജ്യാമിതീയമാർഗങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കുകയും ചെയ്തു.അങ്ങനെ ബീജഗണിതം ഒരു സ്വതന്ത്രഗണിത ശാഖയായി വളരാനുള്ള സാഹചര്യമുണ്ടാക്കിയത് വിയേറ്റ് ആണ്.**